ഇലക്ട്രിക്ക് കണക്ഷൻ.

* 1013. [43] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1956-57-ലെ ബഡ്ജറ്റ് വർഷത്തിൽ എത്ര മൈൽ നീളം ഇലക്ട്രിക്ക് കണക്ഷൻ കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട് ;

(ബി) കൊടുങ്ങല്ലൂർ-ചാമൻപതാൽ ലൈനും കറുകച്ചാൽ-പത്തനാട്ടുകാവു ലൈനും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ രണ്ടു ലൈനുകളും കൂടെ അടുത്ത ബഡ്ജറ്റ് വർഷത്തിൽ ഇലക്ട്രിക്ക് കണക്ഷൻ കൊടുക്കുവാൻ ദയവുണ്ടാകുമോ ?

മരാമത്തു വകുപ്പുമന്ത്രി. (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 1956-57-ൽ 188 മൈൽ 11 K. V. ലൈനും, 205 മൈൽ L. T. 3 phase ലൈനും, 195 മൈൽ L. T. Single phase ലൈനും നീട്ടുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതു്.

(ബി, സി) കറുകച്ചാൽ അടുത്ത വർഷത്തെ പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതാണു്. ചാമൻപതാൽ ലൈൻ നീലവിലിരിക്കുന്ന ചട്ടമനുസരിച്ചു് ആദായകരമല്ലാത്തതിനാൽ അവിടത്തെ വരുമാനബാദ്ധ്യതകൾ കൂടുന്നതുവരെ നടപ്പിലാക്കുവാൻ നിവൃത്തിയില്ല.

ഭൂമി വിതരണം

* 1014. [44] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിരഹിതരായിട്ടുള്ള ആളുകളുടെ സഹകരണസംഘങ്ങൾക്കായി ഭൂമി കൊടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുമോ ;

(ബി) ഭൂമി ആവശ്യമില്ലാത്ത ആളുകൾക്ക് അലോട്ട ചെയ്തു കൊടുക്കുന്നതുകൊണ്ടാണ് കുടിയേറി താമസിക്കുന്നതിന് ആളുകൾ വരാത്തതു് എന്നറിയുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഭൂമിരഹിതരായിട്ടുള്ള ആളുകളുടെ സഹകരണസംഘങ്ങൾക്കു മാത്രമേ കാളനൈസേഷൻ പദ്ധതിപ്രകാരം ഭൂമി കൊടുക്കുന്നുള്ളൂ.

(ബി) അങ്ങനെ അറിവില്ല.

ഗിരിവർഗ്ഗപ്രവർത്തനങ്ങൾക്കുള്ള ഉദ്യോഗസ്ഥൻ.

* 1015. [46] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗപ്രവർത്തനങ്ങൾക്കായി ഹിൽ ട്രൈബ്സ് ട്രൈബൽ ആഫീസർ (Hill Tribes Tribal Officer) എന്നൊരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ആരെയാണ് ;

(സി) ഇല്ലെങ്കിൽ ഒരു ഹരിജനെ നിയമിക്കുന്നതിനു് ഗവണ്മെൻറ് ആലോചിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഗിരിവർഗ്ഗപ്രവർത്തനങ്ങൾക്കായി ഒരു ടൈബൽ ആഫീസറെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) നിയമിച്ചുകഴിഞ്ഞിട്ടില്ല.

(സി) നിയമനക്കാര്യം ആലോചനയിൽ ഇരിക്കുന്നു.

അവശക്രൈസ്തവ വിദ്യാർത്ഥികൾ.

* 1016. [47] ശ്രീ. പി. എം. മക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് അദ്ധ്യയനം തുടർന്നുകൊണ്ടിരിക്കുന്ന ചേരമർ, സാംബവർ, കുറവർ, വേടർ മുതലായ അവശക്രിസ്ത്യൻ വിദ്യാർത്ഥികളുടെ അങ്കെയുള്ള സംഖ്യ എത്ര;

(ബി) ടി വിദ്യാർത്ഥികൾ മിഡിൽസ്കൂൾ, ഹൈസ്കൂൾ, കോളേജ് എന്നീ ക്ലാസ്സുകളിൽ പഠിക്കുന്നവർ എത്ര വീതമെന്നും സ്കൂൾവർഷത്തിൽ അവർക്കു കൊടുക്കുന്ന വിദ്യാഭ്യാസസൗജന്യം എന്തു നിരക്കിലാണെന്നും പറയാമോ ;

(സി) ഹരിജനങ്ങളിൽനിന്നും പരിവർത്തനം ചെയ്ത ക്രിസ്ത്യാനികളായി തീർന്നിട്ടുള്ള ടി അവശക്രിസ്ത്യൻ വിദ്യാർത്ഥികൾക്കും ഹിന്ദുഹരിജൻവിദ്യാർത്ഥികൾക്കു നൽകിവരുന്നതുപോലെ സൗജന്യങ്ങൾ നൽകി സഹായിക്കാൻ ദയവുണ്ടാകുമോ ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ, ബി) ഈ അദ്ധ്യയനവർഷത്തിൽ 396 അവശക്രിസ്ത്യൻ വിദ്യാർത്ഥികൾ സംസ്ഥാനത്തെ വിവിധകോളേജുകളിലായി അദ്ധ്യയനം തുടരുന്നുണ്ട്. മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന അവശക്രിസ്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നു അറിഞ്ഞുകൂടാ. കുട്ടികളുടെ രക്ഷകർത്താക്കളുടെ വരവിൻറെ തോതനുസരിച്ചു് അവർക്ക് മുഴുവൻ ഫീസ്സും സൗജന്യം അനുവദിച്ചുവരുന്നു.

(സി) ഈ വിഷയം ഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണ്.

ശുദ്ധജലവിതരണം.

* 1017. [49] ശ്രീ. പി. വി. അവിരാതരകൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ ശുദ്ധജലവിതരണാർത്ഥം ഇതുവരെ ഗവണ്മെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു :

LIBRARY ARCHIVES Kerala Legislative Assembly